# അഴിമതിരഹിത വാളയാർ - രണ്ടാംഘട്ടത്തിലേക്ക്

**അഴിമതിരഹിത** വാളയാർ പരിപാടിയുടെ ഒന്നാംഘട്ടം ലക്ഷ്യങ്ങൾ നേടി എന്നാണ് ഇതുവരെയുള്ള അവലോകനത്തിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേരാവുന്ന നിഗമനം

**1.** വാണിജ്യനികുതി ചെക്ക്പോസ്റ്റിൽ കൈക്കൂലിയും, മാമൂലും നിർമ്മാർജ്ജനം ചെയ്തു. കഴിഞ്ഞ മൂന്നു മാസത്തിനിടയിൽ ഇത്തരത്തിൽ ഒറ്റക്കേസുപോലും കണ്ടുപിടിച്ചിട്ടില്ല. ആക്ഷേപമായിപോലും ഉന്നയിക്കപ്പെട്ടിട്ടില്ല. ഈ അവിശ്വസനീയമായ നേട്ടം കൈവരിക്കുന്നതിന് പ്രതിബദ്ധതോടെ പ്രവർത്തിച്ച മുഴുവൻ ജീവനക്കാരും അഭിനന്ദനമർഹിക്കുന്നു. എന്നാൽ പാലക്കാടിനു പുറത്തുള്ള ചെക്ക്പോസ്റ്റുകളിൽ അഴിമതിയുടെ വിളയാട്ടം തുടരുകയാണ്. പാലക്കാട്പോലും വാണിജ്യനികുതി വകുപ്പിന്റേതല്ലാത്ത ചെക്ക്പോസ്റ്റുകളിൽനിന്ന് അഴിമതി നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്ന് അവകാശപ്പെടാനാവില്ല. എങ്ങനെ മറ്റു ചെക്ക്പോസ്റ്റുകളിലെ അഴിമതി ഇല്ലാതാക്കാം? വാളയാറിലെ മാതൃക എങ്ങനെ മറ്റ് ജില്ലകളിലേക്കു കൂടി വ്യാപിപ്പിക്കാം? ഇതിനെക്കുറിച്ചാണ് ഇനി ആലോചിക്കാനുള്ളത്.

**2.** ചെക്ക്പോസ്റ്റുകളുടെ കാര്യക്ഷമത ഗണ്യമായി ഉയർന്നിട്ടുണ്ട്. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവ് വാണിജ്യനികുതി ചെക്ക്പോസ്റ്റ് കടന്നുപോകുന്നതിന് ചരക്കു വണ്ടികൾ എടുക്കുന്ന ശരാശരി സമയം ഗണ്യമായി കുറഞ്ഞതാണ്. 29 ശതമാനം വണ്ടികൾ ചെക്ക്പോസ്റ്റ് കടക്കാൻ 15 മിനുട്ടിൽ താഴെ മാത്രമേ സമയമെടുക്കുന്നുള്ളൂ. മറ്റൊരു 12 ശതമാനം വണ്ടികൾ അര മണിക്കൂർ എടുക്കുന്നു. 15 ശതമാനം വണ്ടികൾ ഒരു മണിക്കൂറെടുക്കുന്നുണ്ട്. 12 ശതമാനം വണ്ടികൾ രണ്ട് മണിക്കൂറും. 32 ശതമാനം വണ്ടികളെ പരിശോധനക്ക് 2 മണിക്കൂറിലേറെ സമയമെടുക്കുന്നുണ്ട്. ഇവയിൽ മഹാഭൂരിപക്ഷവും മതിയായ രേഖകളില്ലാത്തതുകൊണ്ട് തടഞ്ഞുവെക്കപ്പെടുന്ന വണ്ടികളാണ്. എന്നാൽ എക്സൈസിന്റെയും ആർ.ടി.ഒയുടെയും ചെക്ക്പോസ്റ്റിൽ മുൻകാലങ്ങളിലെന്നപോലെ സമയമെടുക്കുന്നു. മൂന്നു ചെക്ക്പോസ്റ്റുകളിലെയും സമയമെടുക്കുമ്പോൾ ഇപ്പോഴും ഭൂരിഭാഗം വണ്ടികൾക്കും വാളയാർ ചെക്ക്പോസ്റ്റ് കടന്നുപോകാൻ രണ്ടുമണിക്കൂറിലേറെ സമയംവേണ്ടിവരുന്നു. ഗതാഗതക്കുരുക്കുകൾ പൂർണമായും ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല. കാരണങ്ങളെന്തായാലും ചില ദിവസങ്ങളിൽ മണിക്കൂറുകൾ നീളുന്ന ഗതാഗതസ്തംഭനമുണ്ടാകുന്നു. ചെക്ക്പോസ്റ്റ് പ്രദേശം കടന്നുപോകുന്നതിന് മൊത്തത്തിൽ എടുക്കുന്ന സമയത്തിന് എങ്ങനെ ഗണ്യമായ കുറവുവരുത്താം. ഗതാഗതക്കുരുക്ക് എങ്ങനെ നിർമ്മാർജ്ജനം ചെയ്യാം? ഇതിനെക്കുറിച്ചാണ് നമുക്കിനി ആലോചിക്കാനുള്ളത്.

**3.** മൂന്നാമതായി ചെക്ക്പോസ്റ്റിൽനിന്നുള്ള വരുമാനത്തിൽ ഗണ്യമായ വർധന ഉണ്ടായിട്ടുണ്ട്. കഴിഞ്ഞവർഷംവരെ ഉണ്ടായിരുന്ന പ്രവേശന നികുതി ഇല്ലാത്തതുമൂലമാണ് മൊത്തം വരുമാനത്തിൽ ഈ വർധന വേണ്ടവിധം പ്രതിഫലിക്കാത്തത്. കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റിൽ വമ്പിച്ച വർദ്ധനയുണ്ടായിട്ടുള്ളത്. ആഗസ്റ്റിൽ 107 ശതമാനവും സെപ്തംബറിൽ

77 ശതമാനവും വർദ്ധനയുണ്ടായിട്ടുണ്ട്. കോഴിയുടെ അഡ്വാൻസ് നികുതിയിൽ നാടകീയമായ വർധനയാണ് ഉണ്ടായിട്ടുള്ളത്. ഇത് ഇനിയും വർധിപ്പിക്കാനാകണം. ചരക്കുവാഹനങ്ങളുടെ പരിശോധന കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതെങ്ങനെ എന്നുള്ളതാണ് അടുത്തലക്ഷ്യം.

**4.** വാളയാറിൽനിന്നും അനുബന്ധ ചെക്കുപോസ്റ്റുകളിൽനിന്നും ബില്ലും ഇൻവോയ്സുകളും ഇന്ന് കൃത്യമായി ശേഖരിക്കപ്പെടുന്നുണ്ട്. ഇവ ഇപ്പോൾ കൺകറന്റായി അതായത് രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധപ്പെട്ട വ്യാപാരികളുടെ ടിൻ അക്കൗണ്ടിലേക്ക് അയക്കുവാൻ കഴിയുന്നു. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഇവയുടെ ഒറിജിനൽ ഇൻവോയ്സുകളും ബില്ലുകളും കോപ്പി ഓഫീസ് അടിസ്ഥാനത്തിൽ തരംതിരിച്ച് ജില്ലകളിലേക്ക് കൃത്യമായി അയക്കുന്നുമുണ്ട്. ഈ ഡാറ്റാസംവിധാനം ഓൺലൈനായി മാറ്റുകയാണ് അടുത്തലക്ഷ്യം. എല്ലാ ചെക്ക്പോസ്റ്റുകളിലെയും കമ്പ്യൂട്ടർവത്ക്കരണം പൂർത്തീകരിക്കുകയും വേണം.

**5.** ചെക്ക്പോസ്റ്റുകളിൽനിന്ന് ഇടനിലക്കാരെയും മാഫിയാ സംഘങ്ങളെയും ഉൻമൂലനം ചെയ്യാൻ കഴിഞ്ഞു. ഇതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന് ശക്തമായ പോലീസ് ഇടപെടലാണ്. രണ്ട് ലോറി ഡ്രൈവർമാർക്കും മറ്റും വേണ്ടുന്ന അത്യാവശ്യ സേവനങ്ങൾ ഔദ്യോഗികമായിതന്നെ നൽകുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. രണ്ടാമത് പറഞ്ഞകാര്യം ഇനിയും കൂടുതൽ മെച്ചപ്പെടുത്താൻ എന്തെല്ലാം സംവിധാനങ്ങൾ ശക്തിപ്പെടുത്തണം? പുതിയവ എന്തെല്ലാം ഏർപ്പെടുത്തണം?

**6.** ജീവനക്കാരുടെ സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കൂടുതൽ ഉദ്യോഗസ്ഥരെയും നിയോഗിച്ചിട്ടുണ്ട്. പുതിയ സമ്പ്രദായങ്ങളും ചിട്ടകളും നിലവിൽവന്നു കഴിഞ്ഞാൽ ആവശ്യമായി വേണ്ടുന്ന ജീവനക്കാരുടെ എണ്ണം സംബന്ധിച്ച ശാസ്ത്രീയമായ പഠനം നടത്താം. ക്ഷേമസൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. ഉചിതമായ ഇൻസെന്റീവ് സമ്പ്രദായത്തെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

## പുതിയ സമീപനത്തിന്റെ തത്വങ്ങൾ

മുകളിൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി സ്വീകരിക്കേണ്ട തത്വങ്ങളെക്കുറിച്ചും അവ പ്രാവർത്തികമാക്കുന്നതിനുള്ള പൊതുചട്ടക്കൂടുകളക്കുറിച്ചും മാത്രമേ ഈ സന്ദർഭത്തിൽ ചർച്ച ചെയ്യുന്നതിന് ഒരുമ്പെടുന്നുള്ളൂ. മൂർത്തമായ നടപടിക്രമങ്ങൾ സോഷ്യൽ ഓഡിറ്റിന്റെ അവതരണത്തിനു ശേഷം സർക്കാർതലത്തിൽ ആലോചിച്ച് തീരുമാനമെടുക്കേണ്ടവയാണ്.

**1.** അഴിമതി നിർമ്മാർജ്ജനം ചെയ്തത് വലിയൊരു ധാർമ്മിക ഇച്ഛയുടെ ഫലമായിട്ടാണ്. ഇത് വ്യവസ്ഥാപിതമാക്കുന്നതിനുള്ള നടപടിക്രമങ്ങൾക്ക് രൂപംനൽകേണ്ടതുണ്ട്. ഒരേ ആളുകളോ ഒരുപറ്റം ആളുകളോ ഒരുകൂട്ടം കാര്യങ്ങൾ ഒരുമിച്ച് ചെയ്യുമ്പോഴാണ് ഒത്തുകളിക്കും അഴിമതിക്കുമുള്ള സാധ്യത തെളിയുന്നത്. ഇത് അസാധ്യമാക്കുന്ന തരത്തിലുള്ള പുതിയ പ്രവൃത്തിവിഭജനം വേണ്ടിവരും. തൂക്കം നോക്കുന്നത്, കണക്കുകൾ പരിശോധിക്കുന്നത്, കണക്കുകളുടെ അടിസ്ഥാനത്തിൽ ചരക്ക് പരിശോധിക്കുന്നത് എല്ലാം വ്യത്യസ്ത ആളുകൾ സ്വതന്ത്രമായി ചെയ്യുന്നത് ഇതിന് സഹായകരമാണ്.

2. വിവിധ വകുപ്പുകളിലെ ചെക്ക്പോസ്റ്റുകൾ തമ്മിൽ സംയോജനം അത്യന്താപേക്ഷിതമാണ്. നിയമസഭാ കമ്മിറ്റികൾ ശുപാർശ ചെയ്ത കാര്യമാണെങ്കിലും പ്രായോഗികമായി ഈ ലക്ഷ്യത്തിലേക്ക് നീങ്ങാനായിട്ടില്ല. ചെലവ് കുറയ്ക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും ഇതോടെ കഴിയും. ഈ ഘട്ടത്തിൽ ഓരോ വകുപ്പിന്റെയും പരിശോധനയും പ്രത്യേകം വേണ്ടിവരും. പക്ഷേ പൊതുവായി എല്ലാവർക്കും വേണ്ടുന്ന കാര്യങ്ങൾ സംയോജിപ്പിച്ച് ചെയ്യണം. ഒരു കേന്ദ്രത്തിൽ തൂക്കം എടുത്താൽ മതിയാകും. വാഹന ഐഡന്റിഫിക്കേഷനുവേണ്ടി ഒരു സ്ഥലത്ത് ഡാറ്റഎൻട്രി ചെയ്ത് എല്ലായിടത്തും എത്തിച്ചാൽ മതിയാകും.

**3.** ഇപ്പോൾ ഓരോ ചെക്ക്പോസ്റ്റിലും ഒന്നിനുപിറകെ ഒന്നായി വണ്ടികൾ നിർത്തി പരിശോധിക്കുകയാണ്. പരിശോധന വെവ്വേറെ വേണമെങ്കിൽ ചില പരിശോധന കൾ ഒരുമിച്ചായാൽ അത്രയും കാലതാമസം ഒഴിവാക്കാമല്ലോ.

**4.** യന്ത്രവത്ക്കരണം ജീവനക്കാരുടെ അധ്വാനഭാരം കുറയ്ക്കുന്നതിന് സഹായി ക്കും. ചരക്കുകൾ ഇറക്കുന്നതിന് ക്രെയിനു കൾ, വണ്ടികൾ നീക്കംചെയ്യുന്നതിനുള്ള വാഹനങ്ങൾ, കമ്പ്യൂട്ടറൈസേഷൻ, ഓട്ടോമാറ്റിക് വെന്റിംഗ് മെഷീനുകൾ തുടങ്ങിയവ ഉദാ ഹരണങ്ങളാണ്. ഇ-ഫയലിംഗിനെ പ്രോത്സാ ഹിപ്പിക്കണം.

**5.** പുതിയ സമ്പ്രദായങ്ങളിൽ ജീവന ക്കാർക്ക് പരിശീലനം കൊടുക്കണം. ജീവന ക്കാരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കണം. ഓഫീസുകളുടെ പ്രവർത്തനത്തിൽ കൂടുതൽ ജനാധിപത്യവും പങ്കാളിത്തവും ഉറപ്പാ ക്കണം.

## പുതിയ നടപടിക്രമങ്ങൾ - ഒരു രൂപരേഖ

ചർച്ചയ്ക്കുവേണ്ടി പുതിയ നടപടിക്രമങ്ങ ളുടെ ഒരു രൂപരേഖ അവതരിപ്പിക്കുകയാണ്.

**1.** ചെക്ക്പോസ്റ്റ് പ്രദേശത്തേക്കുവരുന്ന വാഹനങ്ങൾ വണ്ടിയുടെയും ഡ്രൈവറു ടെയും ഐഡന്റിഫിക്കേഷൻ രേഖകൾ കാണിക്കുകയും അവ ഡാറ്റാഎൻട്രി ചെയ്ത് എല്ലാ ചെക്ക്പോസ്റ്റുകളിലേക്കും തത്സമയം എത്തിക്കുകയും ചെയ്യുന്നു. ഇതിന്റെ അടി സ്ഥാനത്തിലാണ് വാഹനങ്ങൾക്ക് മുൻഗണ നാക്രമം നൽകുക. വാണിജ്യ നികുതി സംബ ന്ധിച്ച ബില്ലും ഇൻവോയ്സും ഈ കൗണ്ട റിൽതന്നെ ഏല്പിക്കേണ്ടതാണ്. അവ തത്സ മയംതന്നെ ഡാറ്റാഎൻട്രി ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാകണം.

**2.** അടുത്തഘട്ടം ആർ.ടി.ഒ. ചെക്ക്പോസ്റ്റാ ണ്. ഈ ഘട്ടത്തിലാണ് വണ്ടികളുടെ തൂക്കം നോക്കുക. നാല് വേബ്രിഡ്ജുകളെങ്കിലും വേണം. ഇവ നാലും ആർ.ടി.ഒ ചെക്ക്പോ സ്റ്റിൽ സ്ഥാപിച്ചാൽ മതിയാകും. തൂക്കമെടു ക്കുന്ന വേളയിൽ ആർ.ടി.ഒ ചെക്ക്പോസ്റ്റിൽ വണ്ടിയുടെയും ഡ്രൈവറുടെയും രജിസ്ട്രേ ഷനും ലൈസൻസും മറ്റ് രേഖകളും പരിശോ ധിക്കാവുന്നതാണ്.

**3.** വേബ്രിഡ്ജിൽ നിൽക്കുന്ന വേള യിൽതന്നെ എക്സൈസിന്റെ പരിശോധന നടത്തുന്നതിന് ഒരു തടസ്സവുമില്ല. അതിനു സഹായകരമായ ഉയർന്ന പ്ലാറ്റ്ഫോം ഇവിടെ തന്നെ നിർമ്മിച്ചാൽ മതിയാകും. എക്സൈസ് ഔട്ട്പാസ് ഇവിടെവെച്ച് നൽകാം.

**4.** വണ്ടികൾ ഓടി വാണിജ്യനികുതി ചെക്ക്പോസ്റ്റിൽ എത്തുമ്പോഴേക്ക് അവ നൽകിയ ബില്ല് അല്ലെങ്കിൽ ഇൻവോയ്സ് എൻട്രി ചെയ്ത് വാണിജ്യനികുതി ചെക്ക്പോ സ്റ്റിലെ കമ്പ്യൂട്ടറിൽ എത്തിയിരിക്കണം. ഇ-ഫയലിംഗിനെ പ്രോത്സാഹിപ്പിക്കുന്ന രീതി യിൽ അത്തരത്തിൽ അയക്കപ്പെടുന്ന വണ്ടി കൾക്ക് പരിശോധനയ്ക്ക് മുൻഗണന നൽക ണം. വാണിജ്യനികുതി ചെക്ക്പോസ്റ്റിൽ ഡ്രൈവർമാർ വണ്ടിയിൽനിന്ന് ഇറങ്ങേണ്ട ആവശ്യമില്ല. ഇറങ്ങുവാൻ അനുവദിക്കാനും പാടില്ല. ഇതുവഴി വണ്ടികളുടെ നിർവിഘ്ന മായ നീക്കം ഉറപ്പുവരുത്തണം. ചെക്ക്പോ സ്റ്റിലേക്ക് ഡ്രൈവർ ഒഴികെയുള്ള ഏതെ ങ്കിലും ജീവനക്കാരനുമാത്രമേ പോകാനുള്ള അവകാശമുണ്ടാകൂ.

**5.** വാണിജ്യ നികുതി വാഹനപരിശോധന നടത്തുന്ന ഇൻസ്പെക്ടർമാരും മറ്റ് ജീവന ക്കാരും ഓഫീസിനുപുറത്ത് പ്ലാറ്റ്ഫോമി ലാണ് ഉണ്ടാകുന്നത്. എൻട്രി കൗണ്ടറിൽ ഡാറ്റഎൻട്രി ചെയ്ത ബില്ലിന്റെയും ഇൻവോ യ്സിന്റെയും പകർപ്പുകൾ, അവരുടെ കൈവ ശമുള്ള സിമ്പ്യൂട്ടറിലേക്കാണെത്തുന്നത്. അതിന്റെ അടിസ്ഥാനത്തിൽ വണ്ടികൾ വരുന്ന മുറയ്ക്ക് പരിശോധന നടത്തുകയും തൃപ്തികരമെങ്കിൽ അവിടെവെച്ചുതന്നെ രേഖകൾ സീൽ ചെയ്ത് വണ്ടി കടത്തിവിടു കയും ചെയ്യാം. ഇതിനാവശ്യമായ സാങ്കേ തികവിദ്യ കസ്റ്റമൈസ് ചെയ്ത് ഉണ്ടാക്കേണ്ട തുണ്ട്.

**6.** നികുതി ഒടുക്കേണ്ടതല്ലാത്ത വാഹന ങ്ങൾക്ക് ഇന്നുള്ള ഗ്രീൻചാനൽ ലഭ്യമാണ്. പാഴ്സൽ വണ്ടികളും വിശദമായ പരിശോധന വേണ്ട രേഖകൾ ഇല്ലാത്ത വണ്ടികളും

യാർഡിലേക്ക് മാറ്റിയിടണം. പ്ലാറ്റ്ഫോമിലോ ഗ്രീൻചാനലിലോ യാതൊരുവിധ പാർക്കിംഗും അനുവദിക്കുന്നതല്ല.

**7.** ഔട്ട് ചെക്ക്പോസ്റ്റും യന്ത്രവത്ക്കരണത്തിലൂടെ കൂടുതൽ കാര്യക്ഷമമാക്കാം.

*മുകളിൽ പറഞ്ഞ രീതിയിൽ നടപടിക്രമങ്ങൾ പുനഃക്രമീകരിക്കുന്നതോടൊപ്പം, താഴെ പറയുന്ന കാര്യങ്ങൾ കൂടി സമയബന്ധിതമായി ചെയ്തു തീർക്കണം.*

**1.** റോഡ്, കെട്ടിടം, വൈദ്യുതി ഇവ സംബന്ധിച്ച് ഇതുവരെ എടുത്തു കഴിഞ്ഞിട്ടുള്ള മുഴുവൻ തീരുമാനങ്ങളും അടുത്ത മൂന്നുമാസംകൊണ്ട് ചെയ്തുതീർക്കണം. ഇതിന് കൃത്യമായ ഒരു റോഡ്മാപ്പുണ്ടാക്കണം.

**2.** ഇലക്ട്രോണിക് സർവെയലൻസ് സമ്പ്രദായം ഏർപ്പെടുത്തണം. സി.സി.ടി.വി ക്യാമറ നിർണായക സ്ഥലങ്ങളിൽ സ്ഥാപിക്കണം. ഹെഡ്ക്വാർട്ടേഴ്സിൽനിന്ന് മേലുദ്യോഗസ്ഥർക്ക് എല്ലാ ചെക്ക്പോസ്റ്റുകളിലെയും പ്രവർത്തനത്തിന് മേൽനോട്ടംവഹിക്കാൻ ഇതുമൂലം കഴിയും.

**3.** വർക്സ്റ്റഡി പൂർത്തീകരിക്കണം. അടുത്തതായി ചുമതലയേൽക്കാൻ വരുന്ന ജീവനക്കാർക്ക് വിശദമായ പരിശീലനം നൽകണം.

**4.** ഹെൽപ്ഡെസ്ക് ശക്തിപ്പെടുത്തണം. ചെക്പോസ്റ്റ് പ്രദേശം മൊത്തത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പബ്ലിക് അഡ്രസ്സിസ്റ്റം സ്ഥാപിക്കണം.

**5.** ചെക്ക്പോസ്റ്റ് പ്രദേശത്തിന് പുറത്ത് വാളയാർ പാലക്കാട് റൂട്ടിൽ വണ്ടികൾ സുരക്ഷിതമായി പാർക്കുചെയ്യുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കണം.

## ദീർഘകാല കാഴ്ചപ്പാട്

മുകളിൽ പറഞ്ഞ പരിപാടികൾ സമീപനത്തിന്റെ അടിസ്ഥാനത്തിൽ മൂർത്തമായ ഒരു പരിപാടിയായി 2008 ഫെബ്രുവരിക്കുള്ളിൽ നടപ്പാക്കണം. അതോടെ വാളയാർ നവീകരണത്തിന്റെ മൂന്നാം ഘട്ടം ആരംഭിക്കും. ഇന്ത്യയിലെ ഏറ്റവും ആധുനികമായ ചെക്ക്പോസ്റ്റ് പ്ലാസയ്ക്ക് തറക്കല്ലിട്ടുകൊണ്ടായിരിക്കും വാളയാർ ചെക്ക്പോസ്റ്റിന്റെ അമ്പതാം വാർഷികത്തിന്റെ പരിപാടികൾ ഉദ്ഘാടനം ചെയ്യുക. വാളയാറിൽ സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് കിറ്റ്കോ തയ്യാറാക്കിയ റിപ്പോർട്ട് നിയമസഭ സാമ്പത്തിക കാര്യ വിഷയസമിതി അംഗീകരിക്കുകയുണ്ടായി. ഈ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 30 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ വീടുകളും കടകളും പിന്നീടുള്ള ഒരേക്കർ സ്ഥലവും ഒഴിവാക്കണം എന്ന് പ്രാദേശികവാസികൾ ആവശ്യപ്പെട്ടത് സർക്കാർ പരിഗണിച്ചുവരികയാണ്. ജനങ്ങൾക്കാകെ അംഗീകരിക്കാവുന്ന രീതിയിൽ ഈ പ്രശ്നം രമ്യമായി പരിഹരിക്കുന്നതാണ്. ഇത്രയും പ്രദേശം ഒഴിവാക്കുമ്പോൾ കിറ്റ്കോ തയ്യാറാക്കിയ മാസ്റ്റർപ്ലാനിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടിവരുമെന്ന് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ചെക്ക്പോസ്റ്റ് പ്ലാസയിൽ 12 ലൈനിലൂടെ ഒരേസമയം സംയോജിതമായ പരിശോധന നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കാം. സ്കാനർ, ഓൺലൈൻ വെയിംഗ് സൗകര്യങ്ങൾ വേണം. വണ്ടികൾ സുരക്ഷിതമായി പാർക്ക് ചെയ്യുന്നതിനും ലോറി ജീവനക്കാർക്ക് വിശ്രമത്തിനും വിനോദത്തിനുമുള്ള സൗകര്യങ്ങളും വേണം. എല്ലാ സർക്കാർ ചെക്ക്പോസ്റ്റുകളും സംയോജിപ്പിച്ചുകൊണ്ടുള്ള ഓഫീസ് കെട്ടിടങ്ങളാണ് വിഭാവനം ചെയ്യുന്നത്. സ്കാനർ മെഷീനുകളുടെ ചെലവ് കണക്കിലെടുക്കാതെ മൊത്തം 26 കോടിരൂപയാണ് ഈ പ്രോജക്ടിനുവേണ്ടിയുള്ള മതിപ്പ് ചെലവ്. സ്കാനർ മെഷീൻ ഓരോന്നിനും 10-15 കോടി രൂപയെങ്കിലും വരും. ഇതു സംബന്ധിച്ചുള്ള സാങ്കേതിക വിദ്യയുടെ തെരഞ്ഞെടുപ്പ് ഇപ്പോൾ പൂർത്തിയായിട്ടില്ല. രണ്ടുവർഷത്തിനുള്ളിൽ 2010ൽ ചെക്ക്പോസ്റ്റ് പ്ലാസ ഉത്ഘാടനം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ സന്ദർഭത്തിൽ ചെക്ക്പോസ്റ്റ് പ്ലാസയുടെ കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. അഴിമതിരഹിത വാളയാർ പരിപാടിക്ക് വളരെ വ്യക്തമായ ദീർഘകാല കാഴ്ചപ്പാടുണ്ട് എന്ന് വ്യക്തമാക്കുകയാണ്.

## വാളയാറിൽനിന്ന് എറണാകുളത്തേക്ക്

ചെക്ക്പോസ്റ്റ് പരിഷ്ക്കാരങ്ങൾ തുടങ്ങിയിട്ടും നികുതിവരുമാനം പ്രതീക്ഷിച്ചതോതിൽ വർധിക്കാൻ തുടങ്ങിയിട്ടില്ല. ഇതിനു കാരണം വളരെ ലളിതമാണ്. ചെക്ക്പോസ്റ്റിൽനിന്നു ലഭിക്കുന്നത് അന്തർസംസ്ഥാന വ്യാപാരം സംബന്ധിച്ച കൃത്യമായ കണക്കാണ്. കേരളത്തിലെ ഒന്നാം പോയിന്റിൽ വില്പന നടത്തുന്ന ഏതാണ്ട് എല്ലാ വ്യാപാരികളും വാങ്ങുന്ന 90% ഉല്പന്നങ്ങളുടെയും കണക്കുകൾ ഇതുവഴി ലഭിക്കും. എന്നാൽ അവ പ്രയോജനപ്പെടുത്തി നികുതി റിട്ടേണുകൾ സൂക്ഷ്മപരിശോധന നടത്തുന്നതിന് ഇനിയും തുടങ്ങിയിട്ടില്ല. യഥാർഥം പറഞ്ഞാൽ വാറ്റ് നികുതി സമ്പ്രദായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് നടപടികളാണ് മാസന്തോറുമുള്ള വാറ്റ് റിട്ടേണുകളുടെ സ്ക്രൂട്ടിനിയും അവയിൽ പോരായ്മകൾ ഉണ്ടെങ്കിൽ അവ കണ്ടെത്തുന്നതിനുവേണ്ടി നടത്തുന്ന ഓഡിറ്റും. രണ്ടും ഇന്ന് നാമമാത്രമായി മാത്രമാണ് നടക്കുന്നത്. ഇതിന് കൃത്യമായ തെളിവുണ്ട്. എറണാകുളം ഉപജില്ലയിൽ ആഗസ്റ്റ് മാസംവരെ 970 കോടി രൂപയാണ് വാറ്റ് നികുതിയായി ലഭിച്ചത്. ഇതിൽ കേവലം 0.77 കോടി രൂപ മാത്രമാണ് നികുതി ഉദ്യോഗസ്ഥന്മാർ റിട്ടേണുകൾ സ്ക്രൂട്ടിനി ചെയ്ത് തെറ്റുകൾ കണ്ടുപിടിച്ചതിന്റെ ഫലമായി ലഭിച്ചത്. ഓഡിറ്റിന്റെ ഫലമായി 1.26 കോടി രൂപയാണ് ലഭിച്ചത്. ഫലത്തിൽ ഇന്ന് നടക്കുന്നത് വ്യാപാരികൾതരുന്ന നികുതി റിട്ടേണുകൾ അതേപടി അംഗീകരിച്ച് അവർ സ്വയം പ്രഖ്യാപിച്ച നികുതി സമാഹരിച്ച് ഖജാനാവിലിടുക മാത്രമാണ്. ഈ സ്ഥിതിവിശേഷത്തിന് മാറ്റംവരണം.

ശാസ്ത്രീയമായ സ്ക്രൂട്ടിനിയും ഓഡിറ്റും എങ്ങനെ നടത്താം. ഒരു ക്യാമ്പയിനിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ നവംബർ മാസത്തിൽ ഈ പരിശോധന നടത്തുവാൻ പോവുകയാണ്. ചെക്ക്പോസ്റ്റുകളിൽനിന്നുള്ള വിവരങ്ങൾ പ്രയോജനപ്പെടുന്നത് സംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. ഈ പുതിയ സമ്പ്രദായം പരീക്ഷിക്കുന്നതോടൊപ്പം ഓഫീസുകൾ നവീകരിക്കൽ, അഴിമതി നിർമ്മാർജ്ജനം, വ്യാപാരികളുടെ പരാതികൾ പരിഹരിക്കുന്നതിന് തീവ്രയത്നപരിപാടി, പഴയ കെ.ജി.എസ്.ടി.കേസുകൾ തീർപ്പാക്കുന്ന അദാലത്തുകൾ, ഇവയൊക്കെ അടങ്ങുന്ന ഒരു പാക്കേജാണ് എറണാകുളത്ത് നടപ്പാക്കാൻ പോകുന്നത്. `വാളയാറിൽനിന്ന് എറണാകുളത്തേക്ക്' എന്ന് ഈ പരിപാടിക്ക് പേര് നൽകിയിട്ടുണ്ട്. ഒരർത്ഥത്തിൽ അഴിമതിരഹിത വാളയാറിന്റെ തുടർച്ചയാണ് ഈ നികുതി പരിഷ്ക്കാരവും.

ഈ ധനകാര്യവർഷത്തിന്റെ ബാക്കിയുള്ള മാസങ്ങളിൽ ലക്ഷ്യമിടുന്നത് മൂന്ന് കാര്യങ്ങളാണ്. അഴിമതിരഹിത വാളയാർ പരിപാടിയുടെ രണ്ടാംഘട്ടം വിജയിപ്പിക്കുക. വാളയാർ മാതൃക മറ്റിതര ചെക്ക്പോസ്റ്റുകളിലേക്കുകൂടി വ്യാപിപ്പിക്കുക. വാളയാറിൽ നിന്നും മറ്റ് ചെക്ക്പോസ്റ്റുകളിൽനിന്നും ലഭിക്കുന്ന അന്തർസംസ്ഥാന വ്യാപാരങ്ങൾ സംബന്ധിച്ചുള്ള കണക്കുകൾ പ്രയോജനപ്പെടുത്തി നികുതി റിട്ടേണുകളുടെ സ്ക്രൂട്ടിനി ശാസ്ത്രീയമാക്കുക. ഇതിനുള്ള പരീക്ഷണം നവംബർമാസം ആദ്യം എറണാകുളം ജില്ലയിൽ ആരംഭിക്കും. ഈ പരിപാടിക്ക് നൽകിയിട്ടുള്ള പേര് "വാളയാറിൽനിന്ന് എറണാകുളത്തേക്ക്' എന്നതാണ്.

